**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
# (2011-2014)

**എട്ടാമത് റിപ്പോർട്ട്**

(30-1-2014-ന് സമർപ്പിച്ചത്)

(ശ്രീ. അയ്യങ്കാളി മെമ്മോറിയൽ റസിഡൻഷ്യൽ
സ്പോർട്സ് സ്കൂളിനെ സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
**(2011-2014)**

**എട്ടാമത് റിപ്പോർട്ട്**

(ശ്രീ. അയ്യങ്കാളി മെമ്മോറിയൽ റസിഡൻഷ്യൽ
സ്പോർട്സ് സ്കൂളിനെ സംബന്ധിച്ച്)

314/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | | |
| 1. സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും | .. | 12 |
| 2. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ സൊസൈറ്റി നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിശദാംശം | .. | 17 |

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അജിത്

,, ഐ. സി. ബാലകൃഷ്ണൻ

,, കോവൂർ കുഞ്ഞുമോൻ

,, പുരുഷൻ കടലുണ്ടി

,, സി. കെ. സദാശിവൻ

,, എൻ. ഷംസുദ്ദീൻ

,, വി. ശശി

,, വി. എം. ഉമ്മർ മാസ്റ്റർ

,, കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

,, രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി

,, റ്റി. എം. രത്നാകരൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും കായിക രംഗങ്ങളിൽ അഭിരുചിയുള്ളവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി, അവർക്ക് പരിശീലനം നൽകി അവരുടെ കഴിവുകൾ വികസിപ്പിച്ച് ദേശീയ/അന്തർദേശീയ തലങ്ങളിലെ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചതും, പിന്നീട് വളർച്ചയുടെ പല ഘട്ടങ്ങൾ പിന്നിട്ടതുമായ ഒരു സ്ഥാപനമാണ് തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കാർഷിക സർവ്വകലാശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂൾ. പ്രസ്തുത സ്കൂളിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും സ്കൂളിന്റെ നിലവിലുള്ള അവസ്ഥ നേരിട്ട് മനസ്സിലാക്കുന്നതിനുമായി കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗക്ഷേമ സമിതി 2012 ഒക്ടോബർ മാസം 10-ാം തീയതി സ്കൂൾ സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതും പ്രസ്തുത സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഉതകുമെന്ന് സമിതി കരുതുന്നതുമായ ഏതാനും ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങിയതുമാണ് ഈ റിപ്പോർട്ട്.

2014 ജനുവരി മാസം 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ജനുവരി 13.

# റിപ്പോർട്ട്

## ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ

സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലായിരുന്ന ഒരു ജനവിഭാഗത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കായി അഹോരാത്രം പ്രയത്നിച്ച മഹാനായ അയ്യങ്കാളി, കേരള ഗാന്ധി എന്ന നാമത്തിലും അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ ജന്മനാടാണ് വെങ്ങാനൂർ എന്ന പ്രദേശം. കേരളത്തിന്റെ തലസ്ഥാന നഗരിയായ തിരുവനന്തപുരത്തുനിന്ന് ഏകദേശം 12 കി.മീ. അകലെയായി സ്ഥിതിചെയ്യുന്ന വെള്ളായണി കായലിന്റെ തീരപ്രദേശമായ വെങ്ങാനൂരിൽ കായിക കേരളത്തിന്റെ പ്രതിഭകളെ വാർത്തെടുക്കാൻ 1988-ൽ ആരംഭിച്ച സ്പോർട്സ് ഹോസ്റ്റലുകൾ 2002-ൽ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളായി പരിവർത്തനം ചെയ്യപ്പെട്ടു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും കായികരംഗത്ത് മികവ് പുലർത്തുന്നവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് മികച്ച പരിശീലനം നൽകി ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ ഉയർന്നുവരാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ച പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലുള്ള സ്ഥിതിയെക്കുറിച്ച് നേരിട്ടു മനസ്സിലാക്കുന്നതിന് കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി 2012 ഒക്ടോബർ 10-ാം തീയതി ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ സന്ദർശിക്കുകയുണ്ടായി. മഹത്തായ ചില ഉദ്ദേശലക്ഷ്യങ്ങളോടു കൂടി പ്രവർത്തനം ആരംഭിക്കപ്പെട്ട ഈ സ്ഥാപനം അന്ന് വിഭാവനം ചെയ്ത തരത്തിൽ തന്നെയാണോ പ്രവർത്തിക്കുന്നത് എന്നും പ്രസ്തുത സ്ഥാപനത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും പ്രതികൂലമായ എന്തെങ്കിലും ഘടകങ്ങൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും കണ്ടെത്തുവാനുള്ള ശ്രമത്തിന്റെ ഭാഗമായി സമിതി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2. സ്പോർട്സിൽ മികവ് തെളിയിക്കുവാൻ കഴിവുള്ള പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗത്തിലുള്ള വിദ്യാർത്ഥികളെ കണ്ടെത്തി മികച്ച പരിശീലനം നൽകുന്നതിനായി 4-9-2002-ലെ സ.ഉ. (സാധാ) നമ്പർ 558/02/പജ.പവ.വിവ. ഉത്തരവ് പ്രകാരം അഞ്ചു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലേക്ക് കുട്ടികളെ തെരഞ്ഞെടുത്ത് അദ്ധ്യായനം നടത്തുവാൻ അനുമതി നൽകുകയുണ്ടായി. തുടർന്ന് 19-9-2002-ലെ സ.ഉ. (സാധാ) നമ്പർ 596/02/പജ.പവ.വിവ. ഉത്തരവ് പ്രകാരം 'ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ' എന്ന് പുനർനാമകരണം ചെയ്യപ്പെടുകയും അതിനുശേഷം 2009 മുതൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു.

3. 26-11-2002-ൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത സ്കൂളിൽ 5 മുതൽ പ്ലസ് ടുവരെയുള്ള ക്ലാസ്സുകളിലായി 113 ആൺകുട്ടികളും 90 പെൺകുട്ടികളും 90 മുറികളിലായി താമസിച്ച് പഠിക്കുന്നുണ്ടെന്നും ഹയർ സെക്കന്ററി വിഭാഗത്തിൽ അറുപത് കുട്ടികൾ പഠിക്കുന്നുണ്ടെന്നും കുട്ടികളുടെ എണ്ണം കൂടുതലായതിനാൽ ഒരു മുറിയിൽ 3 പേർ വീതമാണ് താമസിക്കുന്നതെന്നും കുട്ടികൾക്ക് മെനു അനുസരിച്ചുള്ള ഭക്ഷണത്തിൽ ആഴ്ചയിൽ അഞ്ച് ദിവസം ചിക്കൻ, ആറ് ദിവസം മത്സ്യം, ഒരു ദിവസം ബീഫ്, എല്ലാ ദിവസവും പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവ കൂടാതെ സീസണിൽ മറ്റു പഴവർഗ്ഗങ്ങളും നൽകുന്നുണ്ടെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോദ്ധ്യമായി.

4. അയ്യങ്കാളി ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം എസ്.സി. വകുപ്പിന്റെ കീഴിലാണെന്നും സ്കൂളിന്റെ എല്ലാ കാര്യങ്ങളും ജില്ലാ പട്ടികജാതി പട്ടികവർഗ്ഗ ഓഫീസുമായി ബന്ധപ്പെട്ട് എം.ആർ.എസ്.-ന്റെ ഗൈഡ്‌ലൈൻ അനുസരിച്ചാണ് നടത്തുന്നതെന്നും അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ക്യാമ്പസിനകത്ത് പ്രവർത്തിക്കുന്നതിനാൽ യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടെന്നും, സ്കൂളിന്റെ മറ്റ് പ്രവർത്തനങ്ങൾ നടത്തുന്നത് പട്ടികജാതി വികസന വകുപ്പാണെന്നും, സ്കൂളിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ചെയർമാൻ കാർഷിക സർവ്വകലാശാലയുടെ ഡീൻ ആണെന്നും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജോയിന്റ് ഡയറക്ടർ ആണെന്നും എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം സ്കൂളിൽ ചേരാറുണ്ടെന്നും, സ്കൂളിൽ സ്പോർട്സ് ആയുർവേദിക് ക്ലിനിക്ക് സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ വകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ടെന്നും ആകെ 240 അംഗീകൃത സീറ്റുകളുള്ള സ്കൂളിൽ 5 മുതൽ 12 വരെയുളള ക്ലാസ്സുകളിലായി 30 കുട്ടികൾവീതം അടങ്ങുന്ന ഓരോ ഡിവിഷനുകൾ ഉണ്ടെന്നും സ്കൂളിലെ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ അനുപാതം 2:1 എന്നും ആൺ/പെൺ കുട്ടികളുടെ അനുപാതം 1:1 ആയും നിജപ്പെടുത്തിയിരിക്കുന്നുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

5. യൂണിവേഴ്സിറ്റിയുടെ സ്ഥലത്താണ് സ്കൂൾ പ്രവർത്തിക്കുന്നതെങ്കിലും മെയിന്റനൻസ് നടത്തേണ്ടത് യൂണിവേഴ്സിറ്റി അല്ല. കഴിഞ്ഞവർഷം സ്കൂളിന്റെ വികസനത്തിനുവേണ്ടി അനുവദിച്ച 64 ലക്ഷം രൂപയുടെ വർക്കുകൾ രണ്ട് ആഴ്ചയ്ക്കകം പൂർത്തിയാകുമെന്നും സ്കൂളിലെ ചെറിയ അറ്റകുറ്റപ്പണികൾ പട്ടികജാതി വകുപ്പാണ് ചെയ്യുന്നതെന്നും സ്കൂൾ അധികൃതർ സമിതിയെ അറിയിച്ചു. പ്ലസ് ടു കോഴ്സ് ആരംഭിച്ചെങ്കിലും പ്ലസ് ടു-വിന് പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി ഹോസ്റ്റൽ സൗകര്യമില്ലാത്തതിനാൽ മുതിർന്ന കുട്ടികളും ചെറിയ കുട്ടികളും ഒരുമിച്ച് കഴിയുന്നുവെന്നും പ്ലസ് ടു-വിന് പഠിക്കുന്ന കുട്ടികൾക്കുവേണ്ടി അഡീഷണൽ ഹോസ്റ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം സ്കൂളിൽനിന്നും ഒരു കിലോമീറ്റർ അകലെയായതിനാൽ കുട്ടികൾക്ക് പോയിവരാൻ ബുദ്ധിമുട്ടാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

6. പ്ലാൻ ഫണ്ടിൽ അനുവദിച്ചിരിക്കുന്ന ഒരു കോടി 80 ലക്ഷം രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കണമെങ്കിൽ വസ്തുവിന്റെ വിശദവിവരങ്ങൾ സമർപ്പിക്കണമെന്നും പുതിയ കെട്ടിടത്തിന് ഒരു കോടി രൂപ മതിയാകുമെന്നും, സ്കൂളിൽ സയൻസ് ലാബ് തുടങ്ങുന്നതിന് 24 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും, പ്രിൻസിപ്പൽ അറിയിച്ചു. സ്കൂളിൽ സ്ഥിരമായി വാർഡനെ നിയമിക്കുന്നതിനും, വാഹനം അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും പരിശീലനത്തിന്റെ ഭാഗമായി കുട്ടികൾക്ക് പരുക്ക് പറ്റുമ്പോൾ ആയമാരുടെ സഹായത്തോടെയാണ് ആശുപത്രിയിൽ എത്തിക്കുന്നതെന്നും ആയതിനാൽ കൂടുതൽ ആയമാരുടെ സേവനം ഉറപ്പുവരുത്തണമെന്നും പ്രിൻസിപ്പൽ ആവശ്യപ്പെട്ടു.

7. ഗ്രേസ് മാർക്കുള്ളതിനാൽ പ്ലസ് ടു-വിന് നൂറ് ശതമാനം വിജയം ഉണ്ടെന്നും കഴിഞ്ഞ അദ്ധ്യയനവർഷം സ്കൂളിന് മൂന്ന് സ്വർണ്ണമെഡൽ കിട്ടിയിട്ടുണ്ടെന്നും സമിതിയെ അറിയിച്ചു.

8. സ്കൂൾ കുട്ടികളുടെ പോക്കറ്റ് മണി കൂട്ടണമെന്നും അഞ്ചാം ക്ലാസ്സിലെ കുട്ടികളുടെ വസ്ത്രം കഴുകിക്കൊടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണമെന്നും വിദ്യാർത്ഥികൾ സമിതിയോട് അഭ്യർത്ഥിച്ചു.

9. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളും ജില്ലാ പട്ടികജാതി പട്ടികവർഗ്ഗ ഓഫീസുമായി ബന്ധപ്പെട്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ഗൈഡ്‌ലൈൻ അനുസരിച്ചാണ് നടക്കുന്നതെന്ന് സമിതി മനസ്സിലാക്കി. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 28-4-2010-ലെ സ.ഉ. (എംഎസ്.) നമ്പർ 47/2010 പജ.പവ.വിവ. പ്രകാരം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലെ നിയമനരീതിയും ശമ്പള സ്കെയിലും ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള ചുമതലയും വ്യക്തമാക്കിയിട്ടുണ്ട്. ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ സൊസൈറ്റിയെയാണ് നിയോഗിച്ചിരിക്കുന്നത്. ഇതനുസരിച്ച് നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.

10. കായിക രംഗത്ത് അഭിമാനിക്കത്തക്ക നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കുക എന്നതിന് പ്രാധാന്യം നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന സ്കൂളായതിനാൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽനിന്നും വ്യത്യസ്തമായി സ്കൂളിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥകൾ ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ മോഡൽ റസിഡൻഷ്യൻ സ്കൂളുകളിലെ മാർഗ്ഗരേഖകളിൽ നിന്ന് വ്യത്യസ്തമായി സ്പോർട്സ് സ്കൂളുകളുടെ കാര്യത്തിൽ, സ്പോർട്സിനും പഠനത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ഈ സ്കൂളിൽ പ്രവേശനം നൽകുന്നതിനായി കുട്ടികളെ തെരഞ്ഞെടുക്കുന്ന രീതിയിലും ചില അപാകതകൾ സമിതി കണ്ടെത്തുകയുണ്ടായി. അഞ്ചാം ക്ലാസ്, പ്ലസ് ഒൺ ക്ലാസ് എന്നിവയിലേക്കാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽവച്ച് ശ്രീ. അയ്യങ്കാളി ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ സ്പോർട്സ് ഓഫീസറുടെ നേതൃത്വത്തിലുള്ള സംഘം സെലക്ഷൻ ട്രയൽസ് നടത്തി തെരഞ്ഞെടുക്കുന്ന കുട്ടികളിൽനിന്നും വീണ്ടും സ്കൂളിൽ വച്ച് 10 ദിവസത്തെ ക്യാമ്പ് നടത്തി അന്തിമമായി പ്രവേശനത്തിന് യോഗ്യരാകുന്നവരെ തെരഞ്ഞെടുക്കുന്ന ഒരു രീതിയാണ് അവലംബിക്കുന്നത്. എന്നാൽ പ്രസ്തുത തെരഞ്ഞെടുപ്പിന്റെ ഒരു ഘട്ടത്തിൽപോലും കുട്ടികളുടെ പഠന നിലവാരം പരിശോധിക്കപ്പെടുന്നില്ലെന്ന് സമിതി മനസ്സിലാക്കി. കായിക മേഖലയിൽ ജന്മസിദ്ധമായ കഴിവുകളുള്ള ഒരു കുട്ടി ചിലപ്പോൾ പഠനത്തിൽ പിന്നോക്കമായിരിക്കാം. എന്നാൽ സ്പോർട്സിൽ നിശ്ചിത നിലവാരം കൈവരിക്കാനാകാത്ത കുട്ടികൾ കായികരംഗത്തും വിദ്യാഭ്യാസ രംഗത്തും മികവ് പുലർത്താനാകാതെ പടിയിറങ്ങേണ്ടി വരുന്ന അവസ്ഥ ഉണ്ടാകുമെന്ന് സമിതി ആശങ്കപ്പെടുന്നു. ആയതിനാൽ കുട്ടികളുടെ കായികരംഗത്തുള്ള കഴിവ് പരിപോഷിപ്പിക്കുന്നതിന് പ്രാധാന്യം നൽകുന്നതോടൊപ്പം തന്നെ പഠനത്തിനും പ്രാധാന്യം നൽകേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. കായിക പരിശീലനത്തിന് മുൻഗണന നൽകുന്നതിന്റെ പേരിൽ പഠനം ദുഷ്കരമാകുന്ന ഒരു അവസ്ഥ സംജാതമാകാതിരിക്കാൻ ഇവിടെ പഠിക്കുന്ന കുട്ടികൾക്കായി ഒരു പ്രത്യേക കരിക്കുലം കൊണ്ടുവരുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിലേക്കായി കായിക പരിശീലനത്തിന് ഭംഗം വരാത്തരീതിയിൽ ഒരു പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കായിക പരിശീലനത്തിന്റെ ഭാഗമായും കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായും കുട്ടികളുടെ പഠന ദിവസങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക സമയം കണ്ടെത്തി നഷ്ടപ്പെടുന്ന പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, ഏത് വിഷയമാണ് കുട്ടിക്ക് പ്രയാസം എന്ന് മനസ്സിലാക്കി, ആ വിഷയത്തിന് ട്യൂഷൻ നൽകുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പെൺകുട്ടികളും ആൺകുട്ടികളും പ്രത്യേകം ഹോസ്റ്റലുകളിൽ താമസിച്ചു പഠിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് 2 റസിഡൻഷ്യൽ ട്യൂട്ടർമാരെ നിയോഗിക്കുന്ന കാര്യംകൂടി സജീവമായി പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. കേരള കാർഷിക സർവ്വകലാശാലയുമായുണ്ടാക്കിയിട്ടുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള 90 സെന്റ് സ്ഥലത്താണ് സ്കൂൾ പ്രവർത്തിച്ചുവരുന്നത്. ധാരണാപത്രത്തിലെ വ്യവസ്ഥ പ്രകാരം പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളുടെ

ഉടമസ്ഥത പട്ടികജാതി വികസന വകുപ്പിനും, സ്ഥലത്തിന്റെ ഉടമസ്ഥത കാർഷിക കോളേജിനുമാണ് നിഷിപ്തമായിരിക്കുന്നത്. എന്നാൽ ധാരണാപത്രത്തിന്റെ ഖണ്ഡിക 2.6-ൽ, "future maintenance (including repairs) will be carried out by the Kerala Agricultural University (KAU) and necessary funds for this purpose will be provided by the Scheduled Caste Development Department" എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതുകൊണ്ട് കെട്ടിടത്തിൽ ഉണ്ടാകുന്ന അടിയന്തിരമായ അറ്റകുറ്റപ്പണി കൾക്കുപോലും യൂണിവേഴ്സിറ്റിയുടെ അനുവാദം വേണ്ടിവരുന്ന അവസ്ഥയാണ് നിലവിലുള്ളതെന്ന് സമിതി മനസ്സിലാക്കി. പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളായ സ്കൂൾ കെട്ടിടം, ഹോസ്റ്റൽ കെട്ടിടം, മെസ്/ കിച്ചൻ ഹാൾ, ജീവനക്കാരുടെ ക്വാർട്ടേഴ്സ്, ഇൻഡോർ സ്റ്റേഡിയം എന്നിവയ്ക്ക് ഉണ്ടാകുന്ന അടിയന്തിര അറ്റകുറ്റപ്പണികൾപോലും നടത്തുന്നതിന് കേരള കാർഷിക കോളേജിന്റെ അനുവാദം വാങ്ങണമെന്ന വ്യവസ്ഥ സ്കൂളിന്റെ സുഗമമായ പ്രവർത്തന ങ്ങൾക്ക് വിഘാതമുണ്ടാക്കുന്നുവെന്ന് സമിതി മുമ്പാകെ ഉന്നയിക്കപ്പെട്ടു. ആയതിനാൽ ധാരണാപത്രത്തിലെ ഖണ്ഡിക 2.6-ലെ വ്യവസ്ഥ കാലോചിതമായി പരിഷ്ക്കരിക്കണ മെന്നും പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പാക്കുവാൻ പര്യാപ്തമാകുംവിധം ധാരണാപത്രത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ഫണ്ട് ചെലവാക്കുന്ന പട്ടികജാതി വികസന വകുപ്പിനുതന്നെ നിക്ഷിപ്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. സ്കൂളിന്റെ പ്രവർത്തനത്തിന് ഫണ്ട് ചെലവഴിക്കുന്നതും സ്കൂളിന്റെ ഭരണം നിർവ്വഹിക്കുന്നതും പട്ടികജാതി വികസന വകുപ്പായതിനാൽ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരിൽ ഒരാളെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ചെയർമാനായി നിയോഗിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ചെയർമാനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ധാരണാപത്രം പ്രകാരം സ്കൂളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ രണ്ട് ഘട്ടമായി നടപ്പിലാക്കണമെന്നും രണ്ടാം ഘട്ടത്തിൽ സ്വിമ്മിംഗ് പൂൾ, ജിംനേഷ്യം എന്നിവ നിർമ്മിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ജിംനേഷ്യത്തിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചെങ്കിലും സ്വിമ്മിംഗ് പൂളിനുള്ള സ്ഥലം കണ്ടെത്തി പണി ആരംഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായ സ്വിമ്മിംഗ് പൂളിനുള്ള സ്ഥലം കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

15. ധാരണാപത്രത്തിലെ വ്യവസ്ഥ പ്രകാരം കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ആണ് നിക്ഷിപ്തമായിരിക്കുന്നത്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് വിലയിരുത്തിയ സമിതി, കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും, മറ്റ് നടത്തിപ്പ് സംബന്ധിച്ചും അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ച് സ്കൂളിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിലേക്കായി ധാരണാപത്രത്തിലെ വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

16. സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന്, ഓരോ വിഭാഗങ്ങളുടെയും ചുമതലകളും ഉത്തരവാദിത്വവും നിർവ്വചിച്ച് നൽകേണ്ടത് ആവശ്യമാണ്. എന്നാൽ അപ്രകാരമുള്ള വിശദാംശങ്ങൾ ധാരണാപത്രത്തിൽ ഉൾപ്പെടുത്തി കാണുന്നില്ല. ആയതിനാൽ, വ്യത്യസ്ത വിഭാഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്വവും വ്യക്തമായി ധാരണാപത്രത്തിൽ നിർവ്വചിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

17. കൂടാതെ സ്കൂളിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനും കുട്ടികളുടെ പഠന/കായിക നിലവാരം വിലയിരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി രക്ഷിതാക്കൾക്ക് മുൻതൂക്കം നൽകി സ്കൂൾ മാനേജിംഗ് കമ്മിറ്റിക്ക് രൂപം നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. രണ്ട് കുട്ടികളെവീതം പാർപ്പിക്കാവുന്ന 90 മുറികളാണ് സ്കൂൾ ഹോസ്റ്റലിലുള്ളത്. 2009-ൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിച്ചെങ്കിലും അധികമായി എത്തിച്ചേർന്ന കുട്ടികളെ പാർപ്പിക്കുന്നതിന് ഹോസ്റ്റലിൽ സൗകര്യം ഇല്ലാത്തതിനാൽ നിലവിലുള്ള മുറികളിൽ മുതിർന്ന കുട്ടികളെയും ചെറിയ കുട്ടികളെയും ഒരുമിച്ച് പാർപ്പിച്ചുവരുന്നതായി സമിതിക്ക് മനസ്സിലായി. രണ്ട് കുട്ടികൾക്ക് സൗകര്യമുള്ള മുറികളിൽ കൂടുതൽ കുട്ടികളെ പാർപ്പിക്കുന്നത് കുട്ടികൾക്ക് അസൗകര്യമാവുകയും അവരുടെ പഠനത്തെ ബാധിക്കുകയും ചെയ്യും. കൂടാതെ വിദ്യാർത്ഥികളുടെ ഇടയിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിന് അത് കാരണമായി തീരുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഹയർ സെക്കന്ററി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വേണ്ടി അടിയന്തിരമായി പുതിയ ഹോസ്റ്റൽ മന്ദിരം നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ഹയർ സെക്കന്ററി വിഭാഗം കുട്ടികൾക്ക് പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി കാർഷിക സർവ്വകലാശാല നൽകാമെന്ന് അറിയിച്ചിരിക്കുന്ന സ്ഥലം നിലവിലെ ഹോസ്റ്റലിൽനിന്ന് ഒരു കിലോമീറ്റർ അകലെയുള്ള സ്ഥലമാണെന്ന് സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യപ്പെട്ടു. നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ അടുത്തുതന്നെ പുതിയ ഹോസ്റ്റലും നിർമ്മിക്കുകയാണെങ്കിൽ മുഴുവൻ കുട്ടികളുടേയും നേരിട്ടുള്ള നിയന്ത്രണവും മേൽനോട്ടവും കൂടുതൽ ഫലപ്രദമാകുമെന്ന് സമിതി

വിലയിരുത്തുന്നു. ആയതിനാൽ പുതിയ ഹോസ്റ്റൽ നിർമ്മാണത്തിനായി ലഭ്യമാക്കാമെന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിരുന്ന സ്ഥലത്തിന് പകരം, നിലവിലുള്ള ഹോസ്റ്റലിന് അടുത്തുതന്നെ ആയതിനുള്ള സ്ഥലം ലഭ്യമാക്കാൻ സാധിക്കുമോയെന്ന കാര്യം സജീവമായി പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. സ്കൂളിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും, കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിനും സ്കൂളിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അധികമായി വിട്ടുകൊടുത്ത 90 സെന്റ് ഭൂമി മേല്പറഞ്ഞ ആവശ്യങ്ങൾ നിറവേറ്റാൻ തീർത്തും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുതിയ ഹോസ്റ്റലിന് ഭൂമി അനുവദിക്കുന്നതോടൊപ്പം സ്കൂളിന്റെ വിപുലീകരണത്തിന് ആവശ്യമായ ഭൂമികൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

21. സർവ്വകലാശാലയുടെ ഇൻഡോർ സ്റ്റേഡിയത്തോടുചേർന്ന് പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതും ജിംനേഷ്യം, ജൂഡോ, ഗുസ്തി എന്നിവയുടെ പരിശീലനത്തിനായി ഉപയോഗിക്കുന്നതുമായ ഇരുനില കെട്ടിടത്തിന്റെ അവകാശം ഇപ്പോഴും കാർഷിക സർവ്വകലാശാലയ്ക്ക് ആണെന്ന് സമിതി മനസ്സിലാക്കുന്നു. ജിംനേഷ്യം, ജൂഡോ, ഗുസ്തി എന്നിവയുടെ പരിശീലനം സാധ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നിർമ്മിച്ച കെട്ടിടമായതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പട്ടികജാതി വികസന വകുപ്പിനുതന്നെ അടിയന്തിരമായി കൈമാറണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

22. സർവ്വകലാശാലയുടെ കളിസ്ഥലമാണ് സ്കൂളിനുവേണ്ടിയും ഉപയോഗിച്ചു വരുന്നത്. കളിസ്ഥലത്തിന്റെ അറ്റകുറ്റപ്പണികൾക്ക് പട്ടികജാതി വികസന വകുപ്പ് ഫണ്ട് അനുവദിച്ചു വരുന്നുണ്ട്. പ്രസ്തുത സ്പോർട്സ് ഗ്രൗണ്ട് യൂണിവേഴ്സിറ്റി വിദ്യാർത്ഥികളും സ്കൂൾ വിദ്യാർത്ഥികളും സംയുക്തമായിട്ടാണ് ഉപയോഗിക്കുന്നതെന്നതിനാൽ കളിസ്ഥലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കാർഷിക സർവ്വകലാശാലയ്ക്കും ബാധ്യതയുണ്ടെന്ന് സമിതി കരുതുന്നു. ആയതിനാൽ കളിസ്ഥലത്തിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ഒരു വിഹിതം കാർഷിക സർവ്വകലാശാലകൂടി വഹിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

23. കുടുംബാന്തരീക്ഷത്തിൽനിന്നും കായിക പരിശീലനത്തിനായി പുതിയതായി തെരഞ്ഞെടുക്കപ്പെട്ട് സ്കൂളിൽ എത്തിച്ചേരുന്ന 5-ാം ക്ലാസിലെ കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷവുമായി ഇണങ്ങിച്ചേരുന്നതുവരെ അവരുടെ വസ്ത്രങ്ങൾ കഴുകി കൊടുക്കുക, മറ്റു സഹായസഹകരണങ്ങൾ നല്കുക, കായിക പരിശീലന സമയത്ത് പരിക്ക് ഏൽക്കുന്ന കുട്ടികൾക്ക് പരിചരണം നൽകുക എന്നിവയ്ക്ക് ആയമാരുടെ സേവനം അത്യന്താപേക്ഷിതമാണ്. നിലവിൽ 2 ആയമാരുടെ സേവനമാണ് സ്കൂളിനുള്ളത്. ആയത് തികച്ചും അപര്യപ്തമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ സ്കൂളിൽ കൂടുതൽ ആയമാരെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. രാവിലെയും വൈകിട്ടുമുള്ള കഠിനമായ പരിശീലനത്തിൽ ഗുരുതരമായ പരിക്കേൽക്കുന്ന കുട്ടികളെ ആശുപത്രിയിൽ കൊണ്ടുപോകേണ്ട സാഹചര്യം വരുമ്പോൾ പലപ്പോഴും വാഹനം ലഭിക്കാറില്ലെന്നും, ദൂരദേശങ്ങളിൽ മത്സരത്തിനു പോകുമ്പോഴും തിരികെ വരുമ്പോഴും പ്രധാന ബസ്/റെയിൽവേ സ്റ്റേഷനായ തമ്പാനൂരിൽ എത്തുന്ന കുട്ടികൾ വാഹനംകിട്ടാതെ റെയിൽവേ സ്റ്റേഷനിൽ രാത്രി തങ്ങേണ്ട സാഹചര്യം ഉണ്ടാകുന്നതായും സമിതി മനസ്സിലാക്കുന്നു. സ്കൂളിന് സ്വന്തമായി ഒരു വാഹനം ഉണ്ടെങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ അത് ഏറെ ഫലപ്രദമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പട്ടികജാതി വികസനവകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി അടിയന്തിരമായി സ്കൂളിന് ഒരു വാഹനം വാങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. കായിക പരിശീലനത്തിന്റെ ഭാഗമായി പരിക്ക് ഏൽക്കുന്ന കുട്ടികളെ ചികിത്സിക്കുന്നതിനുള്ള ആയുർവ്വേദ സ്പോർട്സ് ക്ലിനിക് നിലവിൽ ബുധനാഴ്ച മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. കഠിനമായി പരിശീലനത്തിൽ ഏർപ്പെടുന്ന കുട്ടികൾക്ക് ഏതുസമയത്തും അപകടങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ എല്ലാ ദിവസവും പ്രസ്തുത ക്ലിനിക്കിന്റെ പ്രവർത്തനം ഉണ്ടായിരിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ആയുർവ്വേദ സ്പോർട്സ് ക്ലിനിക്കിന്റെ സേവനം എല്ലാ ദിവസവും ലഭ്യമാകത്തക്കവിധത്തിൽ, ക്ലിനിക്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഒരു അലോപ്പതി ഡോക്ടറുടെയും ഒരു സ്റ്റാഫ് നഴ്സിന്റെയും സേവനം കൂടി സ്കൂളിൽ ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം കായിക വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന്റെ പൂർണ്ണചുമതല കേരള സ്പോർട്സ് കൗൺസിലിനാണ്. ആയതിലേക്കായി സ്പോർട്സ് കൗൺസിലിന്റെ 4 പരിശീലകരുടെ സേവനം സ്കൂളിന് വിട്ടുനൽകിയിട്ടുണ്ട്. എന്നാൽ പരിശീലകരെ ഇടയ്ക്കിടെ മറ്റ് ഡ്യൂട്ടിക്ക് സ്പോർട്സ് കൗൺസിൽ നിയോഗിക്കുന്നതിനാൽ മിക്കപ്പോഴും കുട്ടികളുടെ പരിശീലനം മുടങ്ങുന്നതായുള്ള പരാതി സമിതി മുമ്പാകെ ഉന്നയിക്കപ്പെട്ടു. കുട്ടികളുടെ കായികക്ഷമത നിലനിർത്തുന്നതിന് മുടക്കംകൂടാതെയുള്ള പരിശീലനം അനിവാര്യമാണ്. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ കുട്ടികളുടെ പരിശീലനം മുടങ്ങാതിരിക്കുന്നതിന്, സ്പോർട്സ് കൗൺസിലുമായി കൂടിയാലോചിച്ച് ആവശ്യമായ പകരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. ഫുട്ബോൾ, ജൂഡോ, അത്‌ലറ്റിക്സ്, ഗുസ്തി, ജിംനാസ്റ്റിക്സ്, തായ്കോണ്ട എന്നീ ഇനങ്ങളിലാണ് ഇപ്പോൾ ഇവിടെ പരിശീലനം നൽകുന്നത്. രണ്ട് അത്‌ലറ്റിക് കോച്ചിന്റെയും ഒരു ജൂഡോ കോച്ചിന്റെയും തസ്തിക നിലവിലുണ്ട്. ഇതിൽ ജൂഡോ കോച്ചിനേയും വനിതാ അത്‌ലറ്റിക് കോച്ചിനേയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നു. ഗുസ്തി കോച്ച്, ഫുട്ബോൾ കോച്ച് എന്നിവർ സ്പോർട്സ്

കൗൺസിലിൽ നിന്നുള്ളവരും, തായ്കോണ്ട കോച്ച് സ്പോർട്സ് യൂത്ത് അഫയേഴ്സിൽ നിന്നുള്ളവരുമാണ്. സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ, സ്പോർട്സ് കൗൺസിൽ എന്നിവിടങ്ങളിൽ 15 വിദ്യാർത്ഥികൾക്ക് ഒരു കോച്ച് എന്ന അനുപാതത്തിലാണ് പരിശീലനം നൽകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം പരിശീലകരുടെ എണ്ണം വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഉയർത്തുന്നത് കുട്ടികളുടെ പരിശീലനം മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പരിശീലകരുടെ എണ്ണം വിദ്യാർത്ഥികൾക്ക് ആനുപാതികമായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, ഒരു വിഭാഗത്തിൽ ഒന്നിൽക്കൂടുതൽ പരിശീലകരെ നിയമിക്കുമ്പോൾ വനിതാ പരിശീലകർക്ക് മുൻഗണന നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

28. ധാരണാപത്രത്തിലെ ഖണ്ഡിക 2.13 സി. പ്രകാരം ഒരു കുട്ടിയെയും ഒരു നിശ്ചിത ഇനത്തിൽ മാത്രമായി ഒതുക്കി പരിശീലിപ്പിക്കുന്നില്ല. കുട്ടികളുടെ താൽപ്പര്യം കണ്ടെത്തി അവർക്ക് വിവിധ ഇനങ്ങളിൽ പരിശീലനംനൽകി അവരുടെ ആരോഗ്യത്തിന് ദോഷംവരാത്ത രീതിയിൽ വിവിധ മത്സര ഇനങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്തുവരുന്നു. ഇതു സംബന്ധിച്ച് ശാസ്ത്രീയമായ സമീപനം ഈ വിഷയത്തിൽ ഉണ്ടാകേണ്ടത് ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, നിശ്ചിത ഇനത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ അവരുടെ കഴിവിനനുസൃതമായി അതാത് ഇനങ്ങളിൽ കൂടുതൽ പരിശീലനം നൽകുന്നതിനാവശ്യമായ ശാസ്ത്രീയ സമീപനം സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന് ഇക്കഴിഞ്ഞ ഹയർ സെക്കന്ററി പരീക്ഷയിൽ 100% വിജയം നേടാൻ കഴിഞ്ഞിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ സ്പോർട്സ് സ്കൂളിൽ നിന്ന് ഹയർസെക്കന്ററി പരീക്ഷ പാസ്സാകുന്ന കുട്ടികൾക്കുള്ള ഉപരിപഠനത്തിനായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഒരു ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പട്ടികജാതി വികസനവകുപ്പിന്റെകീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം കുട്ടികളുടെ സ്പോർട്സ് സംബന്ധമായ ഉപരിപഠനത്തിനും പരിശീലനത്തിനുമായി ഒരു ഡിഗ്രി കോഴ്സ് (ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ) ആരംഭിക്കണമെന്നും ആയതിനായി സംസ്ഥാനതലത്തിൽ ഒരു കോളേജ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. വിദ്യാർത്ഥികൾക്ക് നൽകുന്ന പോക്കറ്റ് മണിയിൽ കാലാനുസൃതമായ വർദ്ധനവിനും മത്സരങ്ങളിൽ പങ്കെടുക്കാൻ പോകുന്ന വിദ്യാർത്ഥികൾക്ക് ക്ഷാമബത്ത, ദിനബത്ത എന്നിവ ഇരട്ടിയായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

31. സ്പോർട്സ് സ്കൂളിലെ കുട്ടികൾക്ക് ആഴ്ചയിൽ അഞ്ച് ദിവസം ചിക്കൻ, ആറ് ദിവസം മത്സ്യം, ഒരു ദിവസം ബീഫ്, എല്ലാ ദിവസവും പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവ കൂടാതെ അതതു സീസണുകളിൽ മറ്റ് പഴവർഗ്ഗങ്ങൾ എന്ന ക്രമത്തിൽ

നൽകുന്നുവെന്നും അതിനായി വിദ്യാർത്ഥിയൊന്നിന് ഒരു ദിവസം 100 രൂപ എന്ന നിരക്കിൽ സർക്കാർ തുക അനുവദിക്കുന്നുവെന്നും, സ്കൂളിന്റെ മെസ് നടത്തിപ്പിന് ആവശ്യമായ സാധനങ്ങൾ ത്രിവേണി, സപ്ലൈകോ, മത്സ്യഫെഡ്, ഹോർട്ടികോർപ്പ് എന്നീ സർക്കാർ ഏജൻസികളിൽ നിന്നാണ് വാങ്ങുന്നതെന്നും തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിക്കുകയുണ്ടായി. കടുത്ത കായികപരിശീലനത്തിൽ ഏർപ്പെടുന്ന കുട്ടികൾക്ക് ആരോഗ്യസമ്പുഷ്ടമായ ഒരു ആഹാരക്രമം അനിവാര്യമാണ്. ആയത് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുകണ്ടതിൽ സമിതി സന്തുഷ്ടി രേഖപ്പെടുത്തുന്നു. ഒരു കുട്ടിക്ക് ഇത്ര രൂപയ്ക്ക് ഭക്ഷണം എന്നതിനുപകരം കായിക താരങ്ങൾക്കാവശ്യമായ ഊർജ്ജം ലഭ്യമാക്കുവാൻ ഉതകുന്ന തരത്തിൽ ക്രമീകരിച്ച നിശ്ചിത അളവ് ഭക്ഷണം ലഭ്യമാക്കുന്ന സമീപനം സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

32. പെൺകുട്ടികളുടെ ഹോസ്റ്റലിന്റെയും ആൺകുട്ടികളുടെ ഹോസ്റ്റലിന്റെയും മധ്യത്തായി സ്ഥിതിചെയ്യുന്ന മെസ് ഹാളും പാചകപ്പുരയും ഏറെക്കുറെ വൃത്തിയായിട്ടാണ് സൂക്ഷിച്ചിരിക്കുന്നത് എങ്കിലും മുൻകാലങ്ങളിൽ മെസ്സിൽനിന്ന് ആഹാരംകഴിച്ച കുട്ടികൾക്ക് ഭക്ഷ്യവിഷബാധ ഉണ്ടായിട്ടുള്ളതായി സമിതി മുമ്പാകെ ചൂണ്ടിക്കാണിക്കപ്പെട്ടു. കുട്ടികളുടെ ഇടയിൽ ഭക്ഷ്യവിഷബാധ തടയുന്നതിന് ആവശ്യമായ മുൻകരുതൽ എടുക്കുന്നതിന്റെ ഭാഗമായി വൃത്തിയായി ഭക്ഷണം പാകം ചെയ്ത് വിളമ്പുന്നതിനും പഴകിയ ഭക്ഷണപദാർത്ഥങ്ങൾ യഥാവിധി നശിപ്പിക്കുന്നതിനും ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി കരുതുന്നു. അടുക്കള മാലിന്യങ്ങളിൽനിന്നും പഴകിയ ആഹാരസാധനങ്ങളിൽനിന്നും പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ള പകർച്ചവ്യാധികൾ തടയുമെന്നതിനാലും ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള ഇന്ധനം ലാഭിക്കുമെന്നതിനാലും സ്കൂളിന്റെ പാചകപ്പുര, മെസ് എന്നിവയുടെ സമീപത്തായി ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനം ആവശ്യമായ ധനസഹായം/സബ്സിഡി അനുവദിക്കണമെന്നും, സ്കൂളിന്റെ മെസ്സ്, സ്റ്റീം കിച്ചൻ, ചപ്പാത്തി മേക്കർ തുടങ്ങിയ യന്ത്രങ്ങൾ ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

33. സ്കൂളിൽ ഭക്ഷണം പാചകംചെയ്യുന്നതിന് നിയോഗിക്കപ്പെടുന്നവർ, പാർട്ട്ടൈം സ്വീപ്പർമാരിൽനിന്ന് തസ്തികമാറ്റംവഴി കുക്കായി മാറുന്നവരാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോദ്ധ്യപ്പെട്ടു. തസ്തികമാറ്റംവഴി കുക്കായി നിയമിക്കപ്പെടുന്നവർ പാചകം ചെയ്യുന്നതിൽ വേണ്ടത്ര വൈദഗ്ദ്ധ്യം ഇല്ലാത്തവരാണെന്ന വസ്തുത പരിഗണിച്ച് പാചകത്തിൽ വൈദഗ്ദ്ധ്യമുള്ളവരെത്തന്നെ കുക്കായി നിയമിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. സ്കൂളിന്റെയും ഹോസ്റ്റലിന്റെയും ആവശ്യത്തിനുള്ള വെള്ളം സംഭരിക്കുന്നതിനായി സ്കൂളിനകത്ത് നിർമ്മിച്ച 50,000 ലിറ്ററിന്റെ ഒരു ഭൂഗർഭ സംഭരണിയിലേക്ക് കാർഷിക കോളേജിന്റെ ശുദ്ധജലവിതരണ സംവിധാനത്തിൽനിന്നും വെള്ളം നിറച്ചു

കൊടുക്കുന്നതായും ആയതിന്റെ ചെലവിനത്തിൽ 2004 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ 6 ലക്ഷം രൂപ നല്കണമെന്ന് കാർഷിക കോളേജ് ആവശ്യപ്പെട്ടിട്ടുള്ളതായും സമിതി മനസ്സിലാക്കി. ജലവിതരണത്തിന്റെ പേരിൽ സ്കൂളിൽനിന്നും ഈടാക്കുവാൻ കേരള കാർഷിക സർവ്വകലാശാല നോട്ടീസ് നൽകിയിട്ടുള്ള കുടിശ്ശികത്തുക എഴുതിത്തള്ളാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. തികച്ചും മാതൃകാപരമായി പ്രവർത്തിച്ചുവരുന്ന ഈ സ്കൂളിന്റെ നിലനില്പിനെത്തന്നെ ചോദ്യം ചെയ്തേക്കാവുന്നതും ജലവിതരണവുമായി ബന്ധപ്പെട്ടതുമായ ഈ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം കാണേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ സ്കൂൾ പരിസരത്തു തന്നെയുള്ള തനതായ ജലസ്രോതസ്സിൽനിന്നും സ്കൂൾ ആവശ്യത്തിന് ജലം പമ്പുചെയ്ത് ശേഖരിക്കുന്നതിനും ആവശ്യാനുസരണം ഉപയോഗിക്കുന്നതിനുമുള്ള ഒരു പദ്ധതി ജലവിഭവ വകുപ്പിന്റെകൂടി സഹായത്തോടെ ആവിഷ്കരിച്ചു നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

36. സ്കൂളിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അംഗീകരിക്കപ്പെട്ടിട്ടുള്ള ധാരണാ പത്രത്തിലെ ഖണ്ഡിക 2.4-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം വാർഷിക ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചയ്യുന്നു.

37. കൂടാതെ പാവപ്പെട്ടവരുടേയും അധഃസ്ഥിതരുടേയും ഉന്നമനത്തിനായി തന്റെ ജീവിതംതന്നെ സമർപ്പിച്ച ശ്രീ. അയ്യൻകാളിയുടെ നാമധേയത്തിൽ ആരംഭിച്ചിട്ടുള്ള ഈ സ്കൂളിന്റെ അങ്കണത്തിൽ അദ്ദേഹത്തിന്റെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നത് ഏറ്റവും ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനായുള്ള നീക്കം ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു.

38. കഴിഞ്ഞ വർഷങ്ങളിൽ ഈ മാതൃകാവിദ്യാലയത്തെ പ്രതിനിധീകരിച്ച് ജില്ലാ, സംസ്ഥാന, ദേശീയതലത്തിലെ വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് അഭിനന്ദനാർഹമായ നേട്ടങ്ങൾ കൈവരിച്ച എല്ലാ വിദ്യാർത്ഥികളേയും അവരെ അതിനു പ്രാപ്തരാക്കിയ പരിശീലകർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, മറ്റ് ജീവനക്കാർ എന്നിവരെ സമിതി ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. അതോടൊപ്പം ഇന്ത്യയിലെ മറ്റ് സംസ്ഥാന ങ്ങൾക്കൊക്കെ മാതൃകയാകത്തക്കവിധം ദേശീയനിലവാരമുള്ള ഒരു സ്ഥാപനമാക്കി ഈ വിദ്യാലയത്തെ മാറ്റാൻ ആവശ്യമായകർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ ബന്ധപ്പെട്ടവർ നിതാന്തപരിശ്രമം നടത്തുമെന്ന് സമിതി പ്രത്യാശിക്കുകയും ചെയ്യുന്നു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ജനുവരി 13.

അനുബന്ധം 1

## സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും

| *ക്രമ നമ്പർ* | *സമിതിയുടെ നിർദ്ദേശങ്ങൾ/ശിപാർശകൾ* | *ഖണ്ഡിക നമ്പർ* | *വകുപ്പ്* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | മോഡൽ റസിഡൻഷ്യൻ സ്കൂളുകളിലെ മാർഗ്ഗരേഖകളിൽ നിന്ന് വ്യത്യസ്തമായി സ്പോർട്സ് സ്കൂളുകളുടെ കാര്യത്തിൽ, സ്പോർട്സിനും പഠനത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 10 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 2 | സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിലേക്കായി കായികപരിശീലനത്തിന് ഭംഗം വരാത്തരീതിയിൽ ഒരു പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 11 | ,, |
| 3 | പെൺകുട്ടികളും ആൺകുട്ടികളും പ്രത്യേകം ഹോസ്റ്റലുകളിൽ താമസിച്ചു പഠിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് 2 റസിഡൻഷ്യൽ ട്യൂട്ടർമാരെ നിയോഗിക്കുന്ന കാര്യംകൂടി സജീവമായി പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 11 | ,, |
| 4 | കായിക പരിശീലനത്തിന്റെ ഭാഗമായും, കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായും കുട്ടികളുടെ പഠനദിവസങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക സമയം കണ്ടെത്തി നഷ്ടപ്പെടുന്ന പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 11 | ,, |
| 5 | ധാരണാപത്രത്തിലെ ഖണ്ഡിക 2.6-ലെ വ്യവസ്ഥ കാലോചിതമായി പരിഷ്കരിക്കണമെന്നും പട്ടികജാതി വികസനവകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പാക്കുവാൻ പര്യാപ്തമാകുംവിധം ധാരണാപത്രത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ഫണ്ട് ചെലവാക്കുന്ന പട്ടികജാതി വികസന വകുപ്പിനുതന്നെ നിക്ഷിപ്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 12 | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ചെയർമാനായി പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 13 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 7 | രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായ സ്വിമ്മിംഗ് പൂളിനുള്ള സ്ഥലം കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 14 | ,, |
| 8 | കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും, മറ്റ് നടത്തിപ്പ് സംബന്ധിച്ചും അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ച് സ്കൂളിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിലേക്കായി ധാരണാപത്രത്തിലെ വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. | 15 | ,, |
| 9 | വ്യത്യസ്ത വിഭാഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്വവും വ്യക്തമായി ധാരണാപത്രത്തിൽ നിർവ്വചിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 16 | ,, |
| 10 | സ്കൂളിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനും കുട്ടികളുടെ പഠന/കായിക നിലവാരം വിലയിരുത്തുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി രക്ഷിതാക്കൾക്ക് മുൻതൂക്കംനൽകി സ്കൂൾ മാനേജിംഗ് കമ്മിറ്റിക്ക് രൂപം നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 17 | ,, |
| 11 | ഹയർ സെക്കന്ററി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടി അടിയന്തിരമായി പുതിയ ഹോസ്റ്റൽ മന്ദിരം നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 18 | ,, |
| 12 | പുതിയ ഹോസ്റ്റൽ നിർമ്മാണത്തിനായി ലഭ്യമാക്കാമെന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിരുന്ന സ്ഥലത്തിന് പകരം, നിലവിലുള്ള ഹോസ്റ്റലിന് അടുത്തുതന്നെ ആയതിനുള്ള സ്ഥലം ലഭ്യമാക്കാൻ സാധിക്കുമോയെന്ന കാര്യം സജീവമായി പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 19 | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 13 | പുതിയ ഹോസ്റ്റലിന് ഭൂമി അനുവദിക്കുന്നതോടൊപ്പം സ്കൂളിന്റെ വിപുലീകരണത്തിന് ആവശ്യമായ ഭൂമി കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 20 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 14 | ജിംനേഷ്യം, ജൂഡോ, ഗുസ്തി എന്നിവയുടെ പരിശീലനം സാധ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നിർമ്മിച്ച കെട്ടിട മായതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പട്ടികജാതി വികസന വകുപ്പിനുതന്നെ അടിയന്തിരമായി കൈമാറണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 21 | ,, |
| 15 | കളിസ്ഥലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കാർഷിക സർവ്വകലാശാലയ്ക്കും ബാധ്യതയുണ്ടെന്ന് സമിതി കരുതുന്നു. ആയതിനാൽ കളിസ്ഥലത്തിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ഒരു വിഹിതം കാർഷിക സർവ്വകലാശാലകൂടി വഹിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. | 22 | ,, |
| 16 | സ്കൂളിൽ കൂടുതൽ ആയമാരെ നിയമിക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 23 | ,, |
| 17 | പട്ടികജാതി വികസനവകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി അടിയന്തിരമായി സ്കൂളിന് ഒരു വാഹനം വാങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 24 | ,, |
| 18 | ആയുർവ്വേദ സ്പോർട്സ് ക്ലിനിക്കിന്റെ സേവനം എല്ലാ ദിവസവും ലഭ്യമാകത്തക്ക വിധത്തിൽ, ക്ലിനിക്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഒരു അലോപ്പതി ഡോക്ടറുടെയും ഒരു സ്റ്റാഫ് നഴ്സിന്റെയും സേവനംകൂടി സ്കൂളിൽ ഉറപ്പാക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 25 | ,, |
| 19 | കുട്ടികളുടെ കായികക്ഷമത നിലനിർത്തുന്നതിന് മുടക്കം കൂടാതെയുള്ള പരിശീലനം അനിവാര്യമാണ്. മേൽ പറഞ്ഞ സാഹചര്യങ്ങളിൽ കുട്ടികളുടെ പരിശീലനം മുടങ്ങാതിരിക്കുന്നതിന്, സ്പോർട്സ് കൗൺസിലുമായി കൂടിയാലോചിച്ച് ആവശ്യമായ പകരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 26 | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 20 | പരിശീലകരുടെ എണ്ണം വിദ്യാർത്ഥികൾക്ക് ആനുപാതിക മായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണ മെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, ഒരു വിഭാഗത്തിൽ ഒന്നിൽക്കൂടുതൽ പരിശീലകരെ നിയമിക്കുമ്പോൾ വനിതാ പരിശീലകർക്ക് മുൻഗണന നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. | 27 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 21 | നിശ്ചിത ഇനത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ അവരുടെ കഴിവിനനുസൃതമായി അതാത് ഇനങ്ങളിൽ കൂടുതൽ പരിശീലനം നൽകുന്നതിനാവശ്യമായ ശാസ്ത്രീയ സമീപനം സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 28 | ,, |
| 22 | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം കുട്ടികളുടെ സ്പോർട്സ് സംബന്ധമായ ഉപരിപഠനത്തിനും പരിശീലനത്തിനുമായി ഒരു ഡിഗ്രി കോഴ്സ് (ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ) ആരംഭിക്കണമെന്നും ആയതിനായി സംസ്ഥാനതലത്തിൽ ഒരു കോളേജ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണ മെന്നും സമിതി ശിപാർശ ചെയ്യുന്നു. | 29 | ,, |
| 23 | വിദ്യാർത്ഥികൾക്ക് നൽകുന്ന പോക്കറ്റ് മണിയിൽ കാലാനുസൃതമായ വർദ്ധനവിനും മത്സരങ്ങളിൽ പങ്കെടുക്കാൻ പോകുന്ന വിദ്യാർത്ഥികൾക്ക് ക്ഷാമബത്ത, ദിനബത്ത എന്നിവ ഇരട്ടിയായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 30 | ,, |
| 24 | ഒരു കുട്ടിക്ക് ഇത്ര രൂപയ്ക്ക് ഭക്ഷണം എന്നതിനുപകരം കായികതാരങ്ങൾക്കാവശ്യമായ ഊർജ്ജം ലഭ്യമാക്കുവാൻ ഉതകുന്ന തരത്തിൽ ക്രമീകരിച്ച നിശ്ചിത അളവ് ഭക്ഷണം ലഭ്യമാക്കുന്ന സമീപനം സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 31 | ,, |
| 25 | അടുക്കള മാലിന്യങ്ങളിൽ നിന്നും പഴകിയ ആഹാരസാധന ങ്ങളിൽ നിന്നും പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ള പകർച്ച വ്യാധികൾ തടയുമെന്നതിനാലും ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള ഇന്ധനം ലാഭിക്കുമെന്നതിനാലും സ്കൂളിന്റെ പാചകപ്പുര, മെസ് എന്നിവയുടെ സമീപത്തായി ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുവാൻ നടപടി | 32 | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| | സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ആവശ്യമായ ധനസഹായം/സബ്സിഡി അനുവദിക്കണമെന്നും, സ്കൂളിന്റെ മെസ്സ്, സ്റ്റീം കിച്ചൻ, ചപ്പാത്തി മേക്കർ തുടങ്ങിയ യന്ത്രങ്ങൾ ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | | |
| 26 | തസ്തികമാറ്റംവഴി കുക്കായി നിയമിക്കപ്പെടുന്നവർ പാചകം ചെയ്യുന്നതിൽ വേണ്ടത്ര വൈദഗ്ദ്ധ്യം ഇല്ലാത്തവരാണെന്ന വസ്തുത പരിഗണിച്ച് പാചകത്തിൽ വൈദഗ്ദ്ധ്യമുള്ളവരെ തന്നെ കുക്കായി നിയമിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 33 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 27 | ജലവിതരണത്തിന്റെപേരിൽ സ്കൂളിൽനിന്നും ഈടാക്കുവാൻ കേരള കാർഷിക സർവ്വകലാശാല നോട്ടീസ് നൽകിയിട്ടുള്ള കുടിശ്ശികത്തുക എഴുതിത്തള്ളാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 34 | ,, |
| 28 | സ്കൂൾ പരിസരത്തുതന്നെയുള്ള തനതായ ജലസ്രോതസ്സിൽ നിന്നും സ്കൂൾ ആവശ്യത്തിന് ജലം പമ്പ് ചെയ്ത് ശേഖരിക്കുന്നതിനും ആവശ്യാനുസരണം ഉപയോഗിക്കുന്നതിനുമുള്ള ഒരു പദ്ധതി ജലവിഭവ വകുപ്പിന്റെകൂടി സഹായത്തോടെ ആവിഷ്കരിച്ചു നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 35 | ,, |
| 29 | സ്കൂളിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അംഗീകരിക്കപ്പെട്ടിട്ടുള്ള ധാരണാപത്രത്തിലെ ഖണ്ഡിക 2.4-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം വാർഷിക ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചയ്യുന്നു. | 36 | ,, |
| 30 | പാവപ്പെട്ടവരുടെയും അധഃസ്ഥിതരുടേയും ഉന്നമനത്തിനായി തന്റെ ജീവിതംതന്നെ സമർപ്പിച്ച ശ്രീ. അയ്യൻകാളിയുടെ നാമധേയത്തിൽ ആരംഭിച്ചിട്ടുള്ള ഈ സ്കൂളിന്റെ അങ്കണത്തിൽ അദ്ദേഹത്തിന്റെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നത് ഏറ്റവും ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനായുള്ള നീക്കം ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. | 37 | ,, |

<u>അനുബന്ധം 2</u>

## കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ സൊസൈറ്റി നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിശദാംശം (ഖണ്ഡിക 9)

| *ക്രമ നമ്പർ* | *തസ്തികയുടെ പേര്* | *എണ്ണം* | *നിയമനരീതി* | *നിയമിക്കപ്പെട്ടിരിക്കുന്നത്* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| **ടീച്ചിംഗ് സ്റ്റാഫ് ഹൈസ്ക്കൂൾ** | | | | |
| 1 | ഹെഡ്മാസ്റ്റർ | 1 | പൊതുവിദ്യാഭ്യാസം അഡീഷണൽ ടു കേഡർ | അഡീഷണൽ ടു കേഡർ |
| 2 | സോഷ്യൽ സയൻസ് | 1 | ,, | ,, |
| 3 | മാത്സ് | 1 | ,, | ,, |
| 4 | മലയാളം | 1 | ,, | ,, |
| 5 | ഹിന്ദി | 1 | ,, | ,, |
| 6 | ഫിസിക്സ് സയൻസ് | 1 | ,, | കോൺട്രാക്ട് വ്യവസ്ഥയിൽ |
| 7 | ഇംഗ്ലീഷ് | 1 | ,, | ,, |
| 8 | ബയോളജി | 1 | ,, | ,, |
| 9 | മ്യൂസിക് | 1 | ,, | ,, |
| **ടീച്ചിംഗ് സ്റ്റാഫ് ഹയർ സെക്കന്ററി** | | | | |
| 1 | പ്രിൻസിപ്പൽ | 1 | പൊതുവിദ്യാഭ്യാസം അഡീഷണൽ ടു കേഡർ | അഡീഷണൽ ടു കേഡർ |
| 2 | ജിയോഗ്രാഫി | 1 | ,, | ,, |
| 3 | മലയാളം | 1 | ,, | ,, |
| 4 | പൊളിറ്റിക്സ് | 1 | ,, | ,, |
| 5 | ഇംഗ്ലീഷ് | 1 | ,, | കോൺട്രാക്ട് വ്യവസ്ഥയിൽ |
| 6 | എക്കണോമിക്സ് | 1 | ,, | ,, |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| **നോൺ ടീച്ചിംഗ് സ്റ്റാഫ് കോച്ചസ്** | | | | |
| 1 | അത്‌ലറ്റിക് കോച്ച് | 1 | പൊതുവിദ്യാഭ്യാസം അഡീഷണൽ ടു കേഡർ | സ്പോർട്സ് കൗൺസിൽ |
| 2 | അത്‌ലറ്റിക് കോച്ച് | 1 | ,, | ദിവസവേതനത്തിൽ |
| 3 | ജിംനാസ്റ്റിക് കോച്ച് | 1 | ,, | സ്പോർട്സ് കൗൺസിൽ |
| 4 | ഫുഡ്ബോൾ കോച്ച് | 1 | ,, | ,, |
| 5 | ഫ്റസ്ഫ്ലാറ്റിംഗ് കോച്ച് | 1 | ,, | ,, |
| 6 | ജൂഡോ കോച്ച് | 1 | ,, | ദിവസവേതനത്തിൽ |
| 7 | തായ്കോണ്ട കോച്ച് | 1 | സ്പോർട്സ് യൂത്ത് അഫയേഴ്സ് | സ്പോർട്സ് യൂത്ത് അഫയേഴ്സ് |
| **ഓഫീസ്—ഹോസ്റ്റൽ ജീവനക്കാർ** | | | | |
| 1 | സീനിയർ സൂപ്രണ്ട് | 1 | പട്ടികജാതി വകുപ്പിൽ നിന്നും പുനർവിന്യാസം/ നേരിട്ടു നിയമനം | പുനർവിന്യാസം |
| 2 | യു. ഡി. ക്ലാർക്ക് | 1 | ,, | ,, |
| 3 | ഓഫീസ് അറ്റൻഡന്റ് | 2 | ,, | ,, |
| 4 | മെയിൽ വാർഡൻ | 1 | ,, | ദിവസവേതനത്തിൽ |
| 5 | ഫീമെയിൽ വാർഡൻ | 1 | ,, | ,, |
| 6 | ആയ | 1 | ,, | പുനർവിന്യാസം |
| 7 | ആയ | 1 | ,, | ദിവസവേതനത്തിൽ |
| 8 | റസിഡന്റ് ട്യൂട്ടർ | 1 | ,, | കോൺട്രാക്ട് വ്യവസ്ഥയിൽ |
| 9 | സ്പോർട്സ് ഓഫീസർ | 1 | പൊതുവിദ്യാഭ്യാസത്തിൽ നിന്നും ഡെപ്യൂട്ടേഷൻ | പൊതുവിദ്യാഭ്യാസത്തിൽ നിന്നും ഡെപ്യൂട്ടേഷൻ |
| 10 | ലാബ് അറ്റന്റർ | 1 | നേരിട്ടു നിയമനം | ദിവസവേതനത്തിൽ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 11 | കുക്ക് | 10 | കോൺട്രാക്ട് അടിസ്ഥാനത്തിൽ/ പുനർവിന്യാസം | 2-പുനർവിന്യാസം 7-ദിവസവേതനത്തിൽ 1-കോൺട്രാക്ട് വ്യവസ്ഥയിൽ |
| 12 | വാച്ച്മാൻ | 3 | നേരിട്ടു നിയമനം | 3-ദിവസവേതനത്തിൽ |
| 13 | എഫ്.റ്റി.എസ്. | 2 | പാർടൈം സ്വീപ്പറിൽ നിന്നും പ്രൊമോഷൻ | നിലവിലുണ്ട് |
| 15 | പി.റ്റി.എസ്. | 4 | നേരിട്ടു നിയമനം | നിലവിലുണ്ട് |
| | ആകെ | 30 | | |